# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2199 09.03.2018-ലെ മറുപടിയ്ക്ക്

## നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ; | (എ) | നിലവിലുണ്ട് |
| ബി) | പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പദ്ധതി പ്രകാരം ഒരാൾക്ക് എത്ര രൂപ യാണ് ധനസഹായമായി ലഭിക്കുന്ന തെന്നും വ്യക്തമാക്കുമോ ; | | കുടുംബവാർഷിക വരുമാനം 1,00,000/- രൂപയിൽ അധികരിക്കാത്ത പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടി കൾക്ക് വിവാഹ ധനസഹായമായി ഒരാൾക്ക് 75,000/- രൂപ എന്ന നിരക്കിൽ ധനസഹായം പട്ടികജാതി വികസന വകുപ്പുവഴി അനുവദിച്ചു വരുന്നു |
| സി) | ഈ പദ്ധതിയ്ക്കായി എത്ര രൂപയാണ് നടപ്പ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് അറിയി ക്കാമോ ; | | ഈ പദ്ധതിയ്ക്കായി നടപ്പ സാമ്പത്തികവർഷം ബഡ്ജറ്റിൽ 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഡി) | അർഹരായ കൂടുതൽ പേർക്ക് ഇത് ലഭ്യമാക്കുന്നതിന് എസ്.സി. പ്രൊമോ ട്ടർമാരുടെ സേവനം പ്രയോജനപ്പെ ടുത്തുമോയെന്ന് വ്യക്തമാക്കുമോ ? | | എസ്.സി പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട് |

സെക്ഷൻ ഓഫീസർ